# കൊറോണ ഒരു ആരോഗ്യ ദുരന്തമോ, മനുഷ്യർ സൃഷ്ടിച്ച അത്യാഹിതമോ?

ലോകബാങ്കിലും ലോകാരോഗ്യ സംഘടനയിലും ഉദ്യോഗസ്ഥനായിരുന്ന പീറ്റർ കോണിഗ് കോവിഡ് 19 നെക്കുറിച്ച് എഴുതിയത് ഞെട്ടിക്കുന്ന വസ്തുതകളാണ്. കോവിഡ് ബാധ ഒരു മഹാമാരിയായി പ്രഖ്യാപിക്കപ്പെട്ടതിന് പിന്നിൽ ആഗോള സ്ഥാപനങ്ങൾക്കും ഔഷധ–വാക്സിൻ കോർപ്പറേറ്റുകൾക്കുമുള്ള പങ്കിനെക്കുറിച്ചുള്ള സൂചനകളാണ് അദ്ദേഹം ഇവിടെ പങ്കുവയ്ക്കുന്നത്. 2020 ജനുവരി 21 മുതൽ 24 വരെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ അടഞ്ഞ വാതിലുകൾക്ക് പുറകിൽ, പൂർണ്ണമായും വൈദ്യേതരമായ ഒരു രാഷ്ട്രീയ സംഘമാണ് ഈ 'മഹാമാരി'യെ സംബന്ധിച്ച തീരുമാനമെടുത്തത് എന്ന നിർണ്ണായക വിവരം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

## പീറ്റർ കോണിഗ്

'ട്വന്റി ഫസ്റ്റ് സെഞ്ചുറി' എന്ന പ്രസിദ്ധീകരണത്തിൽ 2020 മാർച്ച് 31ന് എഴുതിയ ലേഖനത്തിന്റെ പരിഭാഷ.

*⇨ കാര്യങ്ങൾ നന്നായി അറിയുന്ന ഒരു കച്ചവടക്കാരനാണ് അയാൾ ⇨*

**ലോകാരോഗ്യസംഘടനയുടെ** ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് കോവിഡ് 19 എന്നറിയപ്പെടുന്ന കൊറോണ വൈറസിനെ 2020 ജനുവരി 30 ന് ഒരു മഹാമാരിയായി പ്രഖ്യാപിക്കുമ്പോൾ ചൈനയ്ക്ക് പുറത്ത് ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 150 അണുബാധകർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയാത്ത, 'മഹാമാരി' എന്ന ഈ പ്രഖ്യാപനം ലോകജനതയെയും ആഗോള സാമൂഹിക സാമ്പത്തിക ഘടനയെയും സാരമായി ബാധിച്ചരിക്കുകയാണ്. ഭൂഗോളം അക്ഷരാർത്ഥത്തിൽ ലോക്ക് ഡൗണിലാണ്, എന്നുവരെ എന്ന് ആർക്കറിയാം. എന്നാൽ പ്രസിഡന്റ് ട്രംപ് മുന്നോട്ടുവച്ച ഏറ്റവും പുതിയ തീയതി 2020 ഏപ്രിൽ 12 ആണ്. ആ തീയതിക്ക് ആഗോള സാധുതയുണ്ടാകുമെന്നത് കണക്കിലെടുക്കാം.

ലോകം പൊതുവെ അമേരിക്കൻ ഐക്യനാടുകളുടെ താളത്തിനൊപ്പം ചുവടുവയ്ക്കുകയാണല്ലോ. പത്ത് ദിവസം മുമ്പ് ട്രംപ് പ്രഖ്യാപിച്ചു, ഈ 'സാഹചര്യം' ഇത്രമതിയെന്നും സമ്പദ്വ്യവസ്ഥ വീണ്ടും പ്രവർത്തിക്കാനുള്ള സമയമാണിതെന്നും. കാര്യങ്ങൾ നന്നായി അറിയുന്ന ഒരു കച്ചവടക്കാരനാണ് അയാൾ. മാർച്ച് 30ന് ജോലിക്ക് പോകാൻ അദ്ദേഹം നിർദ്ദേശിച്ചു. എന്ത് കുടിലമായ പദ്ധതികൾ തയ്യാറാക്കണമെങ്കിലും കൂടുതൽ സമയം ആവശ്യമാണെന്ന് ഉന്നത വൃത്തങ്ങളിൽ നിന്നും അദ്ദേഹത്തിന് നിർദ്ദേശങ്ങൾ ലഭിച്ചു എന്നാണ് എന്റെ തോന്നൽ. അതുകൊണ്ട് സാധാരണ നിലയിലേക്ക് തിരികെയെത്താനുള്ള ദിവസം അദ്ദേഹം വീണ്ടും രണ്ടാഴ്ചത്തേക്ക് നീട്ടി. കൊറോണ വൈറസ് അഥവാ കോവിഡ് 19, ലോക ജനസംഖ്യയെ, ആഗോള സമ്പദ് വ്യവസ്ഥയെ, ഏറ്റവും പ്രധാനമായി ലോക ജനസംഖ്യയുടെ നാലിലൊന്ന് പേരുടെ ഉപജീവനമാർഗത്തെ ബാധിക്കുന്നു. അതിൽ ഏറെപ്പേരും അരികുവത്കരിക്കപ്പെട്ടവരും ദുർബലതകളുടെയും അനിശ്ചിതത്വങ്ങളുടെയും തട്ടിൽ ഏറെ താഴെ നിൽക്കുന്നവരുമാണ്.

വല്ലപ്പോഴും മാത്രമോ അല്ലെങ്കിൽ മണിക്കൂറിനോ ദിവസക്കൂലിക്കോ ജോലി ചെയ്ത് അന്നം കണ്ടെത്തിയിരുന്നവർ തൊഴിൽരഹിതരായിത്തീരുകയും, അവരുടെ ജീവിതം ഒരു ദുരന്തമായി മാറുകയും ചെയ്തിരിക്കുന്നു. രോഗം, ക്ഷാമം, അവഗണന എന്നിവയും അവരെ ദുരിതത്തിലാക്കിയിരിക്കുന്നു. അവരുടെ പലായനം ആരുടെയും ശ്രദ്ധയിൽപ്പെടില്ല. അവർ അജനങ്ങളാണല്ലോ. 193 അംഗങ്ങളുള്ള യു.എൻ പട്ടികയിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലും ഈ വ്യാജ പകർച്ചവ്യാധി

അടിച്ചേൽപ്പിക്കപ്പെടുകയാണ്. അതെ ഇത് വ്യാജമാണ്. കാരണം ഇതൊരു മഹാമാരിയായി പ്രഖ്യാപിക്കുമ്പോൾ ചൈനയ്ക്ക് പുറത്ത് 6.4 ബില്യൺ ജനസംഖ്യയിൽ 150 കേസുകൾ മാത്രമേ ഉള്ളൂ. ഇത് ഭാവനയിൽ നിന്നുണ്ടായ ഒരു മഹാമാരിയല്ല. ശ്രദ്ധിക്കേണ്ട കാര്യം, 2020 ജനുവരി 21 മുതൽ 24 വരെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ (WEF) അടഞ്ഞ വാതിലുകൾക്ക് പുറകിൽ പൂർണ്ണമായും വൈദ്യേതരമായ ഒരു രാഷ്ട്രീയ സംഘമാണ് ഈ തീരുമാനമെടുത്തത് എന്നതാണ്. ലോകാരോഗ്യസംഘടനയുടെ ചരിത്രത്തിൽ ആദ്യമായി ഒരു മെഡിക്കൽ ഡോക്ടറല്ലാത്ത ഡയറക്ടർ ജനറൽ, ഡോ. ടെഡ്രോസ് അവിടെ സന്നിഹിതനായിരുന്നു. ഈ തീരുമാനത്തിന്റെ ഹ്രസ്വ, ഇടത്തരം, ദീർഘകാല പ്രതിഫലനങ്ങളുടെ ആഴം ആർക്കും ഇപ്പോൾ അളക്കാൻ കഴിയുന്നുണ്ടാകില്ല. കഴിഞ്ഞ 200 വർഷത്തിനിടയിൽ മനുഷ്യവർഗം അനുഭവിച്ചിട്ടില്ലാത്ത തരത്തിലുള്ള ഒരു മാറ്റം അത് നമ്മുടെ ജീവിതത്തിലും സമൂഹത്തിലും വരുത്തിയേക്കാം. ചില ജർമ്മൻ ശാസ്ത്രജ്ഞർ വസ്തുതകൾ ആരാഞ്ഞുകൊണ്ട് അധികാരത്തിനെതിരെ ആർജ്ജവത്തോടെ മുന്നോട്ടുവന്നു. ജോഹന്നാസ് ഗുട്ടൻബർഗ് യൂണിവേഴ്സിറ്റി മെഡിക്കൽ മൈക്രോബയോളജി പ്രൊഫസർ ഡോ. സുചാരിത് ഭക്ടി, നിർണായകമായ അഞ്ച് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് കോവിഡ് 19 നോടുള്ള പ്രതികരണം ആവശ്യപ്പെട്ട് ജർമ്മൻ ചാൻസലർ ഏഞ്ചല മെർക്കലിന് ഒരു തുറന്ന കത്തയച്ചു.

ചൈനയുടെ കാര്യം എങ്ങനെയാണ് എന്ന് നിങ്ങൾക്ക് ചോദിക്കാം. ചൈനയുടെ സ്ഥിതി വ്യത്യസ്തമാണ്. 2019 n-CoV (COVID-19 എന്ന് WHO പുനർനാമകരണം ചെയ്തു), 2002/2003 ൽ ഹോങ്കോങ്ങിലും ചൈനയിലും ബാധിച്ചതും ലോകമെമ്പാടുമായി 774 പേർ മരണപ്പെട്ടതുമായ SARS വൈറസിന്റെ ശക്തമായ പരിവർത്തനം മാത്രമാണ് എന്ന് വുഹാനിലെ വൈറോളജിസ്റ്റുകൾ മുന്നേ കണ്ടെത്തിയിരുന്നു.

SARS വൈറസ് ചൈനീസ് ജീനോമിനായി രൂപകൽപ്പന ചെയ്തതുപോലെ ആയതിനാൽ, ചൈനീസ് ശാസ്ത്രജ്ഞർക്ക് അറിയുമായിരുന്നു പുതിയതും ശക്തവുമായ മ്യൂട്ടേഷനും ചൈനീസ് ഡിഎൻഎയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന്. ഇത് ഒരു ലാബ് നിർമ്മിത വൈറസ് ആയതിനാൽ, അത് പുറത്തുനിന്നാണ് വന്നതെന്നും ചൈനക്കെതിരെ സാമ്പത്തിക യുദ്ധം നടത്തുന്ന അമേരിക്കയാകാം ഇതിന്റെ ഉറവിടമെന്നും ചൈനയ്ക്ക് അറിയാമായിരുന്നു. ചൈനയെയും അവരുടെ സമ്പദ്‌വ്യവസ്ഥയെയും ദുർബലപ്പെടുത്തുന്നതിനുള്ള അനുയോജ്യവും അദൃശ്യവുമായ ഒരു ഉപകരണമാണ് ഈ മാരകമായ വൈറസ്. അതിനാൽ, ഒരു നിമിഷം പോലും ആലോചിക്കാതെ ചൈന രാജ്യത്തിന്റെ വലിയ പ്രദേശങ്ങളെ കാറന്റൈനിൽ ആക്കുകയും പിന്നീട് പൂർണ്ണമായും പൂട്ടിയിടുകയും ചെയ്തു. പ്രസിഡന്റിന്റെ വേഗത്തിലുള്ള പ്രതികരണത്തിനും ജനങ്ങളുടെ അച്ചടക്കത്തിനും നന്ദി. ചൈന ഇപ്പോൾ കോവിഡ്-19 നെ നിയന്ത്രണത്തിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ അതിവേഗം വീണ്ടെടുക്കുകയും ചെയ്തിരിക്കുന്നു.

ഇത് ഒരു അദൃശ്യ ഡീപ് ഡാർക്ക് സ്റ്റേറ്റ് നടത്തുന്ന ഒരു ആഗോള അട്ടിമറി പോലെയാണ്. തിരഞ്ഞെടുത്ത ചില രാജ്യങ്ങളിൽ എല്ലാവർക്കുമായി കർഫ്യൂ ഏർപ്പെടുത്തുകയും എല്ലാവരെയും വീട്ടുതടങ്കലിൽ ആക്കുകയും ചെയ്യുന്നു. തോക്കുകളോ ബോംബുകളോ അല്ല, തെരുവുകളിലിറങ്ങിയ ടാങ്കുകളോ അടിച്ചമർത്തുന്ന പോലീസ് സേനയോ അല്ല, മറിച്ച്  അദൃശ്യമായ വളരെ ചെറിയ ശത്രു-ഒരു മൈക്രോസ്കോപ്പിക് വൈറസ്. നിങ്ങൾക്ക് ഊഹിക്കാനാകുമോ?

ഈ മാരകമായ ഇരുണ്ട ശക്തി നിങ്ങളുടെ ശരീരത്തിൽ കുത്തിവയ്ക്കാൻ ആഗ്രഹിക്കുന്ന വസ്തുക്കളുടെ കോക്ടെയിലിനെക്കുറിച്ച് അജ്ഞരായ ജനങ്ങൾ വാക്സിനേഷനുകൾക്കായി യാചിക്കുന്നു. പുറത്തിറങ്ങാൻ വീണ്ടും അനുവദിക്കപ്പെടുന്ന ദിവസം, 'ഞങ്ങൾക്ക് വാക്സിൻ തരൂ' എന്ന് ആവശ്യപ്പെട്ട് ആളുകൾ തെരുവിലേക്ക് ഓടും. ഒരു സിറിഞ്ചുമായി വരുന്ന ആർക്കും കൈത്തണ്ടും ശരീരവും വച്ചു നീട്ടും. ഈ കുത്തിവയ്പ്പുകൾ ഭാവിതലമുറയിലേക്ക് പോലും കൈമാറ്റം ചെയ്യപ്പെടാവുന്ന ദീർഘകാല ന്യൂറോളജിക്കൽ നാശമുണ്ടാക്കുന്ന അപകടകരമായ ഏജന്റുകളാകാൻ സാധ്യതയുണ്ട്. ജീവിത ദൈർഘ്യം കുറയ്ക്കുന്ന ഡി.എൻ.എ കൈകാര്യം ചെയ്യുന്ന പ്രോട്ടീനുകൾ-ജീവൻ കുറയ്ക്കുന്ന ഏജന്റുകൾ?

ആരോഗ്യ രേഖകൾ മുതൽ ബാങ്ക് അക്കൗണ്ടുകൾ വരെയുള്ള എല്ലാ വ്യക്തിഗത ഡാറ്റയുടെയും ട്രാക്ക് സൂക്ഷിക്കുന്ന ഒരു ഇലക്ട്രോണിക് നാനോ ചിപ്പ് കുത്തിവയ്പ്പുകളിൽ ഉൾപ്പെട്ടേക്കാം. ആകെ നിരാശയുടെ ഘട്ടത്തിൽ ആളുകൾക്ക് ഇതിലൊന്നും താൽപ്പര്യമില്ല. ഭയം ഒഴിവാക്കാനും രാത്രിയിൽ സമാധാനത്തോടെ വീണ്ടും ഉറങ്ങാനുമാണ് അവർ ആഗ്രഹിക്കുന്നത്.

മനുഷ്യനിർമ്മിതമായ ഈ പകർച്ചവ്യാധി പുതിയതല്ല. കൊറോണ വൈറസ് കോവിഡ്-19 ലബോറട്ടറി നിർമ്മിതമാണെന്ന് മുഖ്യധാരാ മാധ്യമങ്ങൾ ഒരിക്കലും പരാമർശിച്ചിട്ടില്ല (അതുപോലെ തന്നെ SARS, MERS, H1N1 പന്നിപ്പനി, എബോള, സിക എന്നിവയും മറ്റ് പലതും). മാത്രമല്ല ഇവ പൊട്ടിപ്പുറപ്പെടുന്നത് സവിശേഷ ജനസംഖ്യയെ ലക്ഷ്യം വച്ചാണ്.

ഇപ്പോഴും സജീവമായി നിലനിൽക്കുന്ന, കുപ്രസിദ്ധമായ പ്ലാൻ ഫോർ എ ന്യൂ അമേരിക്കൻ സെഞ്ചറി (പി.എൻ.എ.സി)യുടെ 2000 ത്തിലെ അപ്ഡേറ്റിൽ പേജ് 60 ൽ ഈവിധം പരാമർശിക്കുന്നു; "ഭാവിയിലെ യുദ്ധങ്ങൾ പരമ്പരാഗത ആണവായുധങ്ങൾ ഉപയോഗിച്ചല്ല, മറിച്ച് അദൃശ്യമായ ഏജന്റുമാരും, ജൈവ ആയുധങ്ങളും വൈറസുകളും വഴി ആയി

രിക്കും. ഇവ പരമ്പരാഗത ആയുധങ്ങളേക്കാൾ ഫലപ്രദവും അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കാത്തതുമാണ്.

ബിഗ് ഫാർമയ്ക്ക് ഒരു ബോണസ് ഉണ്ടാക്കുന്നതാണ് പുതിയ കൊറോണ. ഇത് വർഷങ്ങളായി ആസൂത്രണം ചെയ്യപ്പെട്ടിരുന്നു. കൂടാതെ 2009 ൽ പന്നിപ്പനി പൊട്ടിപ്പുറപ്പെടുന്നതിനോടും എച്ച് 1 എൻ 1 വൈറസ് ബാധയോടും സാമ്യപ്പെടുത്തുകയും ചെയ്തിരുന്നു. യു.എസ് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (സി.ഡി.സി) കണക്കുകൾ പ്രകാരം പന്നിപ്പനി ബാധിച്ച് യുഎസിൽ 12,500 ഓളം പേർ മരിച്ചു, ലോകമെമ്പാടും 300,000 മരണങ്ങൾക്ക് ഇത് കാരണമായി. കോവിഡ് 19 ന് വിപരീതമായി, എച്ച് 1 എൻ1 ബാധിച്ചവരിൽ 80 ശതമാനം പേരും 65 വയസ്സിന് താഴെയുള്ളവരാണ്.



ഇന്നത്തെപ്പോലെ, ലോകാരോഗ്യ സംഘടന ഒരു മഹാമാരി പ്രഖ്യാപനം അന്നും നടത്തി. വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിന് ഫാർമ വ്യവസായത്തിന് പച്ചക്കൊടി കിട്ടി. 4.9 ബില്യൺ എച്ച്1 എൻ 1 വാക്സിനുകൾ ഉത്പാദിപ്പിക്കുമെന്ന് ബിഗ് ഫാർമ വാഗ്ദാനം ചെയ്തു. ദശലക്ഷക്കണക്കിന് വാക്സിൻ അവർ സർക്കാരുകൾക്ക് കൈമാറി. വാക്സിൻ എത്തിയപ്പോഴേക്കും എലിപ്പനി അവസാനിച്ചതിനാൽ അത് ഉപയോഗിക്കേണ്ടി വന്നില്ല. നികുതിദായകർ കോടിക്കണക്കിന് രൂപ വെറുതെ നൽകി. ഇൻഫ്ളുവൻസയ്ക്ക് വർഷം തോറും മ്യൂട്ടേഷൻ സംഭവിക്കുന്നതിനാൽ വാക്സിനുകൾ സൂക്ഷിച്ച് വച്ചിട്ട് ഒരു ഉപയോഗവുമില്ല. ചില സർക്കാരുകൾ എന്തുചെയ്തു, വികസന സഹായമായി ആഫ്രിക്കയിലേക്ക് ആ വാക്സിനുകൾ അയച്ചു. അവിടെയും അത് ഉപയോഗശൂന്യമായിരുന്നു. ജനങ്ങൾക്ക് കാണാൻ കഴിയാത്ത ഒരു ശത്രു. എങ്ങനെ വ്യാപിക്കുന്നു, അല്ലെങ്കിൽ വ്യാപിക്കുന്നില്ല എന്ന് പിന്തുടരാനാകാത്ത ഒരു ശത്രു. അധികാരികൾ ഉണ്ടെന്ന് ജനങ്ങൾ വിശ്വസിക്കേണ്ട ഒരു ശത്രു. എത്ര ബുദ്ധിപരമായ നീക്കം.! ലോകജനസംഖ്യയ്ക്ക് മേൽ ഏതാനും ആഴ്ചകൾക്കുള്ളിൽ ആധിപത്യം സ്ഥാപിക്കാൻ പ്രചാരണവും ഭയവും മാത്രം മതി.

ഉദാഹരണത്തിന്, 2020 ജനുവരി മുതൽ യു.കെയിൽ കോവിഡ് 19 നിലനിൽക്കുന്നുണ്ടെന്നും ബ്രിട്ടീഷ് ജനസംഖ്യയുടെ പകുതിയോളം രോഗബാധിതരാണെന്നും അതുവഴി വൈറസ് പ്രതിരോധിക്കപ്പെട്ടു എന്നും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ ഒരു പുതിയ പഠനം വിലയിരുത്തുന്നു. മിക്ക ആളുകൾക്കും മിതമായ ലക്ഷണങ്ങളൊന്നുമില്ല. അതിനർത്ഥം, രോഗം ബാധിച്ച ആയിരത്തിൽ ഒരാളെ മാത്രമേ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതുള്ളൂ എന്നാണ്. ഇത് സാധാരണ പനി വരുമ്പോഴുള്ള എണ്ണത്തിന്റെ അത്രയോ അതിൽ കുറവോ ആണ്.

അമേരിക്കൻ ഡോക്ടറും യേൽ യൂണിവേഴ്സിറ്റി പ്രിവൻഷൻ റിസർച്ച് സെന്ററിന്റെ സ്ഥാപക ഡയറക്ടറുമായ ഡോ. ഡേവിഡ് കാറ്റ്സ് പറയുന്നു: "മൊത്തത്തിലുള്ള മാന്ദ്യം സാധാരണ ജീവിതിലുണ്ടാക്കുന്ന സാമൂഹിക, സാമ്പത്തിക, പൊതുജനാരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് ഞാൻ വളരെയധികം ആശങ്കപ്പെടുന്നു. ഇത് ദീർഘനേരം നീണ്ടുനിൽക്കുന്നതും അപകടകരവുമാണ്; ഒരുപക്ഷേ വൈറസ് ബാധിച്ചുള്ള മരണത്തേക്കാൾ ഗുരുതരവും. ഓഹരിവിപണി കാലക്രമേണ കുതിച്ചുയരും, പക്ഷേ പല ബിസിനസ്സുകളും സ്ഥിതി അതായിരിക്കില്ല. തൊഴിലില്ലായ്മ, ദാരിദ്ര്യം, നിരാശ എന്നിവയാകാം പൊതുജനാരോഗ്യത്തെ ബാധിക്കാൻ പോകുന്ന വിപത്തുകൾ."

മഹാമാരിയെക്കുറിച്ച പരിഭ്രാന്തി പടർത്തുന്ന ആർക്കും സമഗ്രമായ ചിത്രത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടെന്ന് തോന്നുന്നില്ല. ലോകമെമ്പാടുമുള്ള സർക്കാർ ഉദ്യോഗസ്ഥർ സഹകരണത്തിന്റെ പാതയിലാണ്. അവർ ആജ്ഞകൾ അനുസരിക്കുന്നു. അനുസരിച്ചേ മതിയാകൂ എന്ന് അവർക്കറിയാം. പുതിയ ലോക ക്രമം (ന്യൂ വേൾഡ് ഓർഡർ) ഉണ്ടായിവരുന്നതിനായി മാതൃകാപരമായ സാമൂഹിക മാറ്റം കൊണ്ടുവരുന്നതിനുള്ള ഒരു സുപ്രധാന ഘട്ടമാണിത്.

ലോകത്തിലെ ഏറ്റവും ദരിദ്രരാജ്യങ്ങളിൽ താമസിക്കുന്ന കുട്ടികൾക്കായി പുതിയതും ഉപയോഗിക്കാത്തതുമായ വാക്സിനുകൾ തുല്യ അളവിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ മേഖലകളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിലെ പങ്കാളികൾ ബിൽ ആൻഡ്

മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ (സഹസ്ഥാപകർ), റോക്ക്ഫെല്ലർ ഫൗണ്ടേഷൻ (സഹസ്ഥാപകർ), ഗവി എന്നിവർ ചേരുന്ന വാക്സിൻ കൂട്ടായ്മയാണ്. ആഗോള മാനേജ്മെന്റ് കൺസൾട്ടിംഗ് സ്ഥാപനമായ ആക്സഞ്ചെറും അന്താരാഷ്ട്ര കൺസൾട്ടിംഗ് സ്ഥാപനമായ IDEO.Org ചേർന്നാണ് ദരിദ്രരും ദുർബലരുമായ സമൂഹങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ഉത്പന്നങ്ങളും സേവനങ്ങളും രൂപകല്പന ചെയ്യുന്നത്.

ഡിജിറ്റൽ ഐഡന്റിറ്റിയിലൂടെ വാക്സിനേഷൻ ഉപയോഗിക്കുന്ന ഒരു ഇലക്ട്രോണിക് ഐഡി പ്രോഗ്രാം നടപ്പിലാക്കുക എന്നതായിരുന്നു Agenda ID2020 എന്ന പരിപാടിയുടെ പ്രധാന ലക്ഷ്യം. 2016 മെയ് മാസത്തിൽ, ബിൽ ആന്റ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷന്റെ പ്രേരണയാൽ ഐക്യരാഷ്ട്രസഭയുടെ ഓഫീസ് ഫോർ പാർട്ണർഷിപ്പ് (UNOFP) Agenda ID2020 രൂപപ്പെടുത്തുന്നതിനായി ന്യൂയോർക്കിൽ ഒരു അന്താരാഷ്ട്ര ഉച്ചകോടി സംഘടിപ്പിച്ചിരുന്നു.

ഉച്ചകോടിയുടെ സ്വന്തം വെബ്സൈറ്റിൽ പറയുന്നത് പ്രകാരം സുസ്ഥിര വികസന ലക്ഷ്യത്തിനോടുള്ള പ്രതികരണമായി നടത്തിയ തന്ത്രപരമായ ആഗോള സംരംഭമാണ് Agenda ID2020: Sustainable Development Goal, 16.9 ൽ പറയുന്നത് പ്രകാരം, “2030 ഓടെ ജനന രജിസ്ട്രേഷനിൽ ഉൾപ്പെടുത്തി ആഗോളമായി എല്ലാവർക്കും നിയമപരമായ ഡിജിറ്റൽ ഐഡന്റിറ്റി നൽകണം. ലോക ജനസംഖ്യയുടെ അഞ്ചിലൊന്ന് (1.8 ബില്യൺ ആളുകൾ) നിയമപരമായ ഐഡന്റിറ്റി ഇല്ലാത്തവരാണ്. ഇത് ആരോഗ്യ സംരക്ഷണം, സ്കൂളുകൾ, പാർപ്പിടം എന്നിവയുടെ ലഭ്യത അവർക്ക് നഷ്ടപ്പെടുത്തുന്നു.”

സുസ്ഥിര വികസനത്തിനായി സമാധാനപരവും സമഗ്രവുമായ സമൂഹങ്ങളെ വികസിപ്പിക്കുക, എല്ലാവർക്കും നീതി ലഭ്യമാക്കുക, എല്ലാ തലങ്ങളിലും ഫലപ്രദവും ഉത്തരവാദിത്തമുള്ളതുമായ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുക എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) 16 പറയുന്നത്. ഈ ലക്ഷ്യം നടപ്പിലാക്കുന്നതിന് വാക്സിനേഷൻ രാജാവായ ബിൽ ഗേറ്റ്സിന് നമ്പർ 16.9 എന്ന പ്രത്യേക ഉപലക്ഷ്യം ആവശ്യമാണ്.

ബിൽ ഗേറ്റ്സിന്റെ തന്നെ സൃഷ്ടിയായ വാക്സിനുകൾക്കും രോഗപ്രതിരോധത്തിനും വേണ്ടിയുള്ള ഗ്ലോബൽ അലയൻസ് അഥവാ ഗാവിയുമായി Agenda ID2020 ബന്ധപ്പെട്ടിരിക്കുന്നു. എല്ലാവർക്കും രോഗപ്രതിരോധ കുത്തിവയ്പ്പിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന പൊതുസ്വകാര്യ മേഖലയിലെ ആഗോള ആരോഗ്യ പങ്കാളിത്തമായി ഗവി സ്വന്തം വെബ്സൈറ്റിൽ സ്വയം തിരിച്ചറിയുന്നു. ഗാവിയെ ലോകാരോഗ്യ സംഘടന പിന്തുണയ്ക്കുന്ന ഗാവിയുടെ പ്രധാന പങ്കാളികളും സ്പോൺസർമാരും ഫാർമ വ്യവസായമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

*Rising to the Good ID Challenge* എന്ന പേരിൽ 2019 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വച്ച് നടന്ന ID2020 അലയൻസ് 2020 ലെ അവരുടെ പ്രോഗ്രാം 2020 ജനുവരിയിൽ ഡാവോസിൽ വച്ച് ഡബ്ല്യു.ഇ.എ.ഫ് നിശ്ചയിച്ച പ്രകാരം നടത്താൻ തീരുമാനിക്കുന്നു. കൗതുകകരമെന്നു പറയട്ടെ, 2020 ഒക്ടോബർ 18 ന് ന്യൂയോർക്ക് സിറ്റിയിൽ വച്ച് ഗേറ്റ്സ് ഫൗണ്ടേഷൻ, ഡബ്ല്യു.ഇ.എഫ്, ജോൺ ഹോപ്കിൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ഹെൽത്ത് എന്നിവർ സ്പോൺസർമാരായി Event 201 എന്ന പരിപാടി നടത്താൻ തീരുമാനമായി. അടിസ്ഥാനപരമായി, Event 201 ലോകമെമ്പാടുമുണ്ടാകുന്ന ഒരു പകർച്ചവ്യാധിയെ നേരിടുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചത്. ലോകാരോഗ്യ സംഘടന കോവിഡ്-19 എന്ന ജനറിക് പേര് നൽകുന്നതിന് മുമ്പ് ചൈനയിൽ പൊട്ടിപ്പുറപ്പെട്ട 2019-nCoV എന്ന SARS രോഗബാധയെ അടിസ്ഥാനപ്പെടുത്തിയാണ് ഇത് എന്നതാണ് യാദൃശ്ചികം. ഈ സാഹചര്യം 18 മാസം നീണ്ടുനിൽക്കുകയും ലോകമെമ്പാടും 65 ദശലക്ഷം മരണങ്ങൾക്ക് കാരണമാവുകയും തദ്ഫലമായി, സ്റ്റോക്ക് മാർക്കറ്റ് 15 ശതമാനം ഇടിയുകയും ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിക്കുകയും ചെയ്യും എന്ന് വുഹാനിൽ ആദ്യത്തെ 2019-nCoV ബാധിച്ച വ്യക്തിയെ തിരിച്ചറിഞ്ഞ് ആഴ്ചകൾക്കുള്ളിൽ പറഞ്ഞത് യാദൃശ്ചികമാണോ? ലോകാരോഗ്യസംഘടന ഒരു പാൻഡെമിക് പ്രഖ്യാപിക്കുന്ന സമയത്തുതന്നെ ID2020 നടക്കുന്നത് യാദൃശ്ചികമാണോ? അതോ ID2020 ന്റെ ഭാഗമായി ചില വിനാശകരമായ പ്രോഗ്രാമുകൾ പുറത്തിറക്കാൻ ഒരു പാൻഡെമിക് ആവശ്യമുണ്ടോ?

വൈറസ് പൊട്ടിപ്പുറപ്പെട്ട് മൂന്ന് മാസത്തിനുശേഷം, ആഗോള ലോക്ഡൗൺ രണ്ടാഴ്ച കഴിയുമ്പോഴേക്കും ഓഹരിവിപണി കുറഞ്ഞത് 30 ശതമാനം എങ്കിലും ഇടിയുകയും ചെറുകിട നിക്ഷേപകരുടെ സമ്പാദ്യം തുടച്ചുനീക്കപ്പെടുകയും ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് സംരംഭകർ പാപ്പരായിത്തീരുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും, പറഞ്ഞറിയിക്കാനാവാത്ത ദുരിതങ്ങൾ, ദാരിദ്ര്യം, ക്ഷാമം, മരണം, പട്ടിണി, അഭയമില്ലാതെയാകൽ, നിരാശ, ആരോഗ്യ പരിരക്ഷയുടെ അഭാവം ഒടുവിൽ ആത്മഹത്യ എന്നിവ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

തൊഴിലില്ലായ്മ ആനുകൂല്യങ്ങൾക്കായി 3.3 ദശലക്ഷത്തിലധികം പുതിയ ക്ലെയിമുകൾ വന്നതായി മാർച്ച് 27 ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. രക്ഷാപ്രവർത്തന പാക്കേജായി രണ്ട് ബില്യൺ യു.എസ് ഡോളറിന്റെ ബില്ലിൽ പ്രസിഡന്റ് ട്രംപ് മാർച്ച് 27 ന് ഒപ്പുവച്ചു. ഈ പണം നിരാശരായവർക്കും തൊഴിലില്ലാത്തവർക്കും വിശക്കുന്നവർക്കും ഭവനരഹിതർക്കും എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് ആർക്കും അറിയില്ല. അമേരിക്കൻ സ

മ്പദ്‌വ്യവസ്ഥയെ മാത്രം ബാധിക്കുന്ന വിനാശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ പണം ഒന്നുമല്ല. ഇപ്പോൾ, പ്രതിസന്ധിയുടെ തുടക്കത്തിൽ 3 ട്രില്യൺ യു.എസ് ഡോളറിനും 5 ട്രില്യൺ യു.എസ് ഡോളറിനും ഇടയിലാണ് നഷ്ടം എന്നാണ് കണക്കാക്കപ്പെടുന്നത്. അത് യു.എസ് ജിഡിപിയുടെ നാലിലൊന്ന് വരും. ലോകമെമ്പാടും നോക്കുമ്പോൾ അത് 10 മുതൽ 20 ട്രില്യൺ വരെ യു.എസ് ഡോളർ വരെയാകും. വികസ്വര രാജ്യങ്ങളിൽ, ജനസംഖ്യയുടെ വലിയൊരു വിഭാഗം ഇതിനകം വലിയ ദാരിദ്ര്യത്തിൽ ആയിരിക്കുകയാണ്. മനുഷ്യനിർമിത ദുരന്തത്തിന്റെ ആഘാതം ഇതിലും മോശമാണ് അവിടെ, തിരിച്ചെടുക്കാൻ കഴിയാത്തതും. ലോകത്താകമാനം 1.7 ബില്യൺ ആളുകൾ കടുത്ത അനിശ്ചിതത്വത്തിലാണെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. പണമില്ലാത്ത, മേൽക്കൂരയില്ലാത്ത, വിശക്കുന്ന, രോഗികളും നിരാശരുമായ ആളുകൾ കുറ്റകൃത്യങ്ങളിലേക്കോ ആത്മഹത്യയിലേക്കോ തിരിയാൻ ഇടയുണ്ട്. ഉദാഹരണത്തിന്, ലാൻസെറ്റ് പറയുന്ന കണക്ക് പ്രകാരം ഗ്രീസിൽ 2008–2009 ന് ശേഷം മനുഷ്യനിർമിത കടബാധ്യത മൂലമുള്ള വിഷാദം ആത്മഹത്യാനിരക്ക് ഗണ്യമായി വർദ്ധിപ്പിച്ചതായി കാണാം.

കുറ്റകൃത്യങ്ങളുടെ നിരക്ക് വർദ്ധിച്ചേക്കാം. വിശക്കുന്നവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. ഭക്ഷണത്തിനായി സൂപ്പർമാർക്കറ്റുകളും മറ്റ് ഷോപ്പുകളും കൊള്ളയടിക്കപ്പെടുന്നത് പുതിയ കാര്യമല്ല. ദരിദ്രർ ധാരാളമുള്ള യൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും പട്ടണങ്ങളിലേക്ക് ഇത് അതിവേഗം വ്യാപിച്ചേക്കാം. സമ്പന്ന രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിലും വർദ്ധനവുണ്ടാകും. ലോക ബാങ്കും ഐ.എം.എഫും വിവിധ രാജ്യങ്ങൾക്ക് 'റെസ്ക്യൂ' വായ്പകൾ വാഗ്ദാനം ചെയ്യും. കോവിഡ് 19 പ്രതിസന്ധിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് ലോക ബാങ്ക് ഇതിനകം 12 ബില്യൺ യുഎസ് ഡോളറെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഐ.എം.എഫിന്റെ സഹായം ആരംഭിച്ചത് 50 ബില്യൺ യുഎസ് ഡോളറിലാണ്. ആവശ്യക്കാർ വർദ്ധച്ചതിനെ തുടർന്ന്, ഇതിനകം 60 രാജ്യങ്ങൾക്കായി ഒരു ട്രില്യൺ ആയി അത് ഉയർന്നു. ചില ഐ.എം.എഫ് ബോർഡ് അംഗങ്ങൾ പ്രത്യേക ഡ്രോയിംഗ് അവകാശമായി 4 ട്രില്യൺ വരെ ഫണ്ട് സൃഷ്ടിക്കാൻ ആവശ്യപ്പെടുന്നുമുണ്ട്.

ഈ രാജ്യങ്ങളുടെ 'രക്ഷാപ്രവർത്തനം' വലിയ കടബാധ്യതയിലേക്കാണ് എത്തിച്ചേരാൻ പോകുന്നത്. കുറഞ്ഞ പലിശയാണെങ്കിലും കടം തിരിച്ചടക്കേണ്ടതുണ്ടല്ലോ. സാമൂഹ്യ സേവനങ്ങൾ സ്വകാര്യവൽക്കരിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വിദേശ കോർപ്പറേഷനുകൾക്ക് പ്രകൃതിവിഭവങ്ങൾ, എണ്ണ, വാതകം, വനങ്ങൾ, വെള്ളം, ധാതുക്കൾ കൊള്ളയടിക്കാൻ അവസരം നൽകുക എന്നതായിരിക്കും ഈ വായ്പയ്ക്ക് ഈടായി കൊടുക്കാൻ പോകുന്നത്. Agenda ID2020 ന് പിന്നിൽ നിന്നിരുന്ന ധനാഢ്യർ തന്നെയാകും ഇതും ചെയ്യുക. ഈ കൊറോണപ്രതിസന്ധിക്ക് ശേഷമുള്ള മാറ്റത്തിന്റെ അടുത്തഘട്ടം അനിശ്ചിതത്വത്തിലാണ്. അത് എന്തായാലും ഉറപ്പാണ്. പകരം ഒരു ആശ്വാസം ഉള്ളത് മറക്കുക എന്നതാണ്. അതെ, മറക്കുക. മാനവികതയെ നിയന്ത്രിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നവരുടെ ഒരു പ്രധാന ഉപകരണമാണ് നമ്മുടെ വിസ്മൃതി. സമ്പന്നരും ശക്തരുമായ ആളുകൾ മനുഷ്യരാശിയുടെ മേൽ മാത്രമല്ല, മുഴുവൻ ഭൂമിയുടെയും മേൽ ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിച്ച് മനുഷ്യത്വരഹിതമായി ആധിപത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണ്? എനിക്കും ഉത്തരമില്ല.

ഇരുട്ട് മാറി വെളിച്ചം വരും. അത് പ്രകൃതിയുടെ ഒരു സാർവത്രിക നിയമമാണ്. ഓരോ ഇരുണ്ട മേഘത്തിലും ഒരു വെള്ളി വരയുണ്ട്. ലോകത്തിന്റെ ഈ ദുർബലാവസ്ഥ പുനരുജ്ജീവനത്തിനായുള്ള ഭൂമിയുടെ ഒരു ശ്രമമായിരിക്കുമോ? വ്യാവസായിക മലിനീകരണം വലിയ രീതിയിൽ തുടച്ചുമാറ്റപ്പെട്ടു, ആരോഗ്യകരവും ഓക്സിജൻ ഉള്ളതുമായ അന്തരീക്ഷം തെളിഞ്ഞു തുടങ്ങി. വായുവും വെള്ളവും നിരന്തരമായ പരിവർത്തനത്തിലാണ്. അവ വേഗത്തിലും അനന്തമായും നീങ്ങുന്നു. പ്രകൃതിക്കേൽക്കുന്ന പ്രഹരത്തിലുണ്ടാകുന്ന ഒരു ചെറിയ ഇടവേള പോലും തിളക്കമുള്ള നേട്ടങ്ങളായി മാറിയേക്കാം. മനുഷ്യ സ്വഭാവങ്ങളെ പോലും മാറ്റിത്തീർക്കുന്നതിന് അത് പ്രചോദനമായി മാറാം. പരിസ്ഥിതിയെ മുൻനിർത്തിയുള്ള ഒരു പുതിയ ഗെയിം രൂപപ്പെട്ട് വന്നേക്കാം.

മരങ്ങൾ വീണ്ടും ശ്വസിക്കുന്നു, കടൽ അവളുടെ നിരന്തരമായ സമുദ്രജീവിതത്തെ പുനരുജ്ജീവിപ്പിക്കാൻ തുടങ്ങുന്നു, കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളുന്ന വ്യാവസായിക ചിമ്മിനികൾ നിലയ്ക്കുകയും ആകാശം നീലയാവുകയും ചെയ്യുന്നു, പുല്ല് പച്ചപ്പണിയുന്നു, പ്രാണികൾ തിരിച്ചെത്തി സന്തോഷത്തോടെ പറന്നുനടക്കുന്നു. പക്ഷികൾ വീണ്ടും പാടാൻ തുടങ്ങുന്നുണ്ടോ? ഒരു സ്വപ്നം പോലെ? അവയിൽ ചിലത് ഇപ്പോൾത്തന്നെ ആരംഭിച്ചിരിക്കാം. ശുദ്ധവും ആരോഗ്യകരവും സുരക്ഷിതവുമായ ഈ പുതിയ അന്തരീക്ഷത്തിലേക്ക് ഉണരുന്ന ചില മനുഷ്യരുണ്ടാകാം. ക്രമേണ ഇരുട്ടിനെ മാറ്റി പ്രകാശം പ്രതിഫലിപ്പിക്കുന്ന പുഞ്ചിരിയുടെ ലോകം. പുതിയതും വൃത്തിയുള്ളതും സുരക്ഷിതവുമായ സുസ്ഥിര ചര്യകൾ രൂപപ്പെടുകയും വ്യാപിക്കുകയും ചെയ്യാം. നമുക്കറിയില്ല, പക്ഷെ നമ്മൾ പ്രതീക്ഷിക്കുകയാണ്. പ്രവചനാതീതമെങ്കിലും ചലനാത്മകത അനന്തമാണ്. പാശ്ചാത്യ നവലിബറൽ മുതലാളിത്തത്തിന്റെ ദുരന്തപാതയെ തള്ളിക്കളയാനുള്ള ആത്മീയശേഷി നമുക്കുണ്ട്. സമൂഹത്തോടും ഭൂമിയോടും ഐക്യദാർഢ്യവും അനുകമ്പയും സ്നേഹവും പ്രകടിപ്പിക്കാനും പ്രകാശത്തിന്റെ പുതിയ കാലത്തെ പരിപോഷിപ്പിക്കാനും നമുക്കാകും. ■